പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5877 — 07.07.2014-ലെ മറുപടിക്ക്

## പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും വിലവർദ്ധനവിന്റെ ആനുകൂല്യം കർഷകർക്ക്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.രാജു എബ്രഹാം: | ശ്രീ. കെ.സി. ജോസഫ്. (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് മിൽമ വഴി വിൽക്കുന്ന പാലിന്റെയും പാൽ ഉത്പന്നങ്ങളുടെയും വില എത്രയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ ; | (എ) മിൽമ വഴി വിൽക്കുന്ന പാലിന്റെയും പാലുല്പന്നങ്ങളുടെയും ഇപ്പോഴത്തെ വില സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഈ നിരക്ക് നിലവിൽ വന്നത് എന്നു മുതലാണെന്ന് വ്യക്തമാക്കുമോ; | (ബി) നിലവിലെ മിൽമ പാൽ വില 14.10.2012 ലാണ് നിലവിൽ വന്നത്. ഉല്പന്നങ്ങളുടെ വില ഇടയ്ക്കിടയ്ക്ക് വ്യത്യാസപ്പെടാറുണ്ട്. |
| (സി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര തവണ മിൽമയുടെ പാലിനും പാൽ ഉത്പന്നങ്ങൾക്കും വില വർദ്ധിപ്പിച്ചിട്ടുണ്ടെന്നും ഓരോ വർദ്ധനവും എത്ര രൂപ വീതമായിരുന്നെന്നും എന്നുമുതലാണ് വർദ്ധനവ് നടപ്പാക്കിയതെന്നും വ്യക്തമാക്കാമോ ; | (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മിൽമ പാലിന്റെ വില രണ്ട് തവണ വർദ്ധിപ്പിക്കുകയുണ്ടായി. ഓരോ തവണയും ലിറ്ററിന് 5/- രൂപ വീതമായിരുന്നു വർദ്ധിപ്പിച്ചത്. ആദ്യത്തെ വിലവർദ്ധനവ് 05.09.2011 ലും രണ്ടാമത്തെ വില വർദ്ധനവ് 14.10.2012 ലുമാണ്. പാലുല്പന്നങ്ങളുടെ വിലവർദ്ധനവ് വിവിധ തീയതികളിലായാണ് നടപ്പിലാക്കിയിട്ടുള്ളത്. |
| (ഡി) പാൽ ഉത്പന്നങ്ങൾക്ക് വില വർദ്ധിപ്പിക്കാനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ ; | (ഡി) പാലുത്പാദന ചെലവിലുണ്ടാകുന്ന വർദ്ധനവിന് അനുസൃതമായി കർഷകർക്ക് തങ്ങളുടെ പാലിന് ന്യായമായ വില ലഭ്യമാക്കുന്നതിനും സംഭരണ, സംസ്കരണ, വിതരണ ചെലവിലുണ്ടാകുന്ന വർദ്ധനവ് നേരിടുന്നതിനും മിൽമയുടെ വിതരണ |

ഏജന്റുമാർ, പാൽ സംഭരണ സംഘങ്ങൾ എന്നിവ ലാഭകരമായി പ്രവർത്തിച്ചു പോകുന്നതിനും വേണ്ടിയാണ് മിൽമ പാൽ ഉല്പന്നങ്ങളുടെ വില്പനവില വർദ്ധനവ് നടപ്പിലാക്കിവരുന്നത്.

(ഇ) ഓരോ തവണയും വിലവർദ്ധിപ്പിച്ചതിന്റെ ആനുകൂല്യം ക്ഷീരകർഷകർക്ക് നൽകിയിട്ടുണ്ടോ ;ഉണ്ടെങ്കിൽ ഓരോ തവണ വിലവർദ്ധനവ് ഉണ്ടായപ്പോഴും എത്ര രൂപയുടെ പ്രയോജനമാണ് കർഷകർക്ക് ലഭിച്ചതെന്ന് വിശദമാക്കുമോ ?

(ഇ) 05.09.2011 ൽ പാലിന്റെ വില്പന വില 5 രൂപ വർദ്ധിപ്പിച്ചപ്പോൾ അതിൽ 4 രൂപ 20 പൈസയും 14.10.2012 ൽ ലിറ്ററിന് 5 രൂപ വർദ്ധിപ്പിച്ചപ്പോൾ അതിൽ നിന്നും 4 രൂപ 60 പൈസയും കർഷകർക്ക് ലഭിക്കത്തക്കവിധമാണ് വില വർദ്ധനവ് നടപ്പിലാക്കിയത്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്